# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *366 19.10.2016 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ജി.എസ്. ജയലാൽ**<br>**ശ്രീ മുഹമ്മദ് മുഹസിൻ. പി**<br>**ശ്രീ വി. ആർ.സുനിൽകുമാർ** | | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) അട്ടപ്പാടിയിലെ കൃഷിയിടങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിനായി നിർമ്മിക്കാനുദ്ദേശിക്കുന്ന അണക്കെട്ടിന്റെ (അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്) പ്രാരംഭ പണികൾ എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ ; | (എ) | കാവേരി നദീജലതർക്ക പരിഹാര ട്രിബ്യൂണലിന്റെ അന്തിമ വിധി 2007-ൽ വരികയും, 2013-ൽ നിയമം പ്രാബല്യത്തിൽ വരികയും ചെയ്തു. പ്രസ്തുത വിധിയിൽ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിന് 2.87 ടി.എം.സി. ജലം അനുവദിച്ചിട്ടുണ്ട്. നിലവിലെ നിയമങ്ങൾ അനുസരിച്ച് പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതിയും, വനം വകുപ്പിന്റെ അനുമതിയും ആവശ്യമാണ്. 2013-ൽ കാവേരി വിധി പ്രാബല്യത്തിൽ വന്നതിനുശേഷം പദ്ധതിയ്ക്കായുള്ള അനുമതികൾ നേടിയെടുക്കുന്ന തിനുള്ള ശ്രമങ്ങൾ ജലസേചന വകുപ്പ് നടത്തി വരികയാണ്. |
| (ബി)പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണത്തിന് കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ ; | (ബി) | 11.08.2016-ൽ നടന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 96-ാമത് Expert Appraisal Committee (EAC) – യുടെ യോഗത്തിൽ എ.വി.ഐ.പി. ക്ക് പരിസ്ഥിതി അനുമതി ലഭിക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള പഠന വിഷയങ്ങൾ (Terms of Reference) അംഗീകരിക്കുകയും അതിനെ തുടർന്ന് എ.വി.ഐ.പി. യുടെ പരിസ്ഥിതി ആഘാത പഠനം സെപ്റ്റംബർ 16-ൽ ആരംഭിക്കുയും ചെയ്തിട്ടുണ്ട്. അതിനുശേഷം , 10.10.2016 കത്ത് പ്രകാരം ToR നൽകുന്ന കാര്യം നിർത്തിവെയ്ക്കാൻ തീരുമാനിച്ചതായി, Ministry of Environment കേരളത്തെ അറിയിച്ചിട്ടുണ്ട്. |
| (സി) ഏതെങ്കിലും അയൽ സംസ്ഥാനം പ്രസ്തുത അണക്കെട്ടിന്റെ നിർമ്മാണത്തിൽ തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (സി) | അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി വന്നില്ലെങ്കിൽ കേരളത്തിന് അവകാശപ്പെട്ട ജലം കൂടി ഉപയോഗിക്കാമെന്നതിനാൽ തമിഴ് നാട് സർക്കാർ അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതി നടപ്പിലാക്കരുത് എന്ന് കാണിച്ച് പ്രധാനമന്ത്രിയ്ക്ക് കത്ത് അയയ്ക്കുകയും പദ്ധതിയ്ക്ക് എതിരായി തമിഴ് നാട് നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ